**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1478** **16-10-2026-ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജക മണ്ഡലത്തിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വെള്ളം കൊള്ളി നീർത്തട പദ്ധതി, കുരുന്തറക്കോണം-ചപ്പാത്ത് തോട് പുനരുജ്ജീവന പദ്ധതി എന്നിവയുടെ നാളിതുവരെയുള്ള പ്രവൃത്തി പുരോഗതി അറിയിക്കാമോ;

**മറുപടി:**

1. 2026-27 സാമ്പത്തിക വർഷം അരുവിക്കര നിയോജക മണ്ഡലത്തിൽ ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായ 20 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള വെള്ളംകൊള്ളി നീർത്തടപദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 30/9/2026 സൈറ്റ് കൈമാറി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 13,82,991/-രൂപയ്ക്ക് ടെണ്ടർ ചെയ്ത ഈ പദ്ധതി 2027 ഫെബ്രുവരി 28-ന് മുമ്പായി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
2. 2026-27 സാമ്പത്തിക വർഷം അരുവിക്കര നിയോജക മണ്ഡലത്തിൽ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായ 16.70 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള കുരുന്തറക്കോണം ചപ്പാത്ത് തോടിന്റെ പുനരുദ്ധാരണപ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 11,92,212/- രൂപയ്ക്ക് ടെണ്ടർ ചെയ്ത ഈ പദ്ധതി 2027 ഫെബ്രുവരി 28-ന് മുമ്പായി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

**(ബി)** മണ്ഡലത്തിൽ പുതിയതായി വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** അരുവിക്കര നിയോജക മണ്ഡലത്തിലുൾപ്പെട്ട അരുവിക്കര ഗ്രാമപഞ്ചായത്തിലെ ഭഗവതിപുരം, മണമ്പൂര്, ചെറിയകൊണ്ണി വാർഡുകളും വെള്ളനാട് ഗ്രാമപഞ്ചായത്തിലെ കുതിരകുളം, കണ്ണംപള്ളി വാർഡുകളും ഉൾപ്പെട്ട ചെറിയകൊണ്ണി നീർത്തട പ്രദേശത്തിലെ 450 ഹെക്ടർ പ്രദേശം കല്ല് കയ്യാല, കിണർ റീചാർജ്, നീർചാലുകളുടെ പാർശ്വഭിത്തി സംരക്ഷണം തുടങ്ങിയ മണ്ണുജല സംരക്ഷണ പ്രവൃത്തികൾ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 32-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**